**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ : ഡോ.ബി.എസ് തിരുമേനി ഐ.എ.എസ്)

വിഷയം: പഞ്ചായത്ത് വകുപ്പ് ഇ ആർ പി സോഫ്റ്റ്വെയർ – ഗ്ലോബൽ മാസ്റ്റർ തയ്യാറാക്കൽ – അക്കൗണ്ട് ഹെഡുകൾ മാപ്പ് ചെയ്യുന്നതിന് ജീവനക്കാരെ നിയോഗിച്ച് – ഉത്തരവാകുന്നു.

പരാമർശം:
1. ഈ ഓഫീസിലെ 29.10.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 03.12.2019 തീയതിയിലെ ഇതേ നമ്പർ കത്ത്
3. 10.12.2019 തീയതിയിലെ ഇ .ആർ.പി നോഡൽ ഓഫീസർ ശ്രീ.വിനോദ്കുമാറിന്റെ ഇ–മെയിൽ സന്ദേശം

**ഉത്തരവ് നമ്പർ: PAN/4226/2019-J8(DP) തീയതി :13.12.2019**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി സമഗ്രവും ഏകീകൃതവുമായ ഇ ആർ പി ( ഐ എൽ ജി എം എസ്) സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് മുൻകൈയെടുക്കുകയും വകുപ്പിലെ ജീവനക്കാരുടെ നേതൃത്വത്തിൽ കൺസെപ്റ്റ് ഡോക്യുമെൻറ് തയ്യാറാക്കുകയും ആയത് പ്രകാരം സോഫ്റ്റ്വെയർ തയ്യാറാക്കാൻ ഐ കെ എം നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു . ഈ പ്രവർത്തനത്തിൻറെ ഭാഗമായി വകുപ്പിലെ ജീവനക്കാരുടെ ചുമതലപ്പെട്ട സംഘം ഗ്ലോബൽ മാസ്റ്റർ തയ്യാറാക്കി വരുന്നുണ്ട്. പരാമർശം 1, 2 മുഖേന ഐ കെ എം തയ്യാറാക്കിയ ഇ ആർ പി ( ഐ എൽ ജി എം എസ്) സോഫ്റ്റ്വെയർ ഡൊമൈൻ ടെസ്റ്റിങ് നടത്താൻ ജീവനക്കാരെ ചുമതലപ്പെടുത്തുകയും. 2019 ഡിസംബർ 6 മുതൽ 11 വരെ തീയതികളിലായി തൃശ്ശൂർ കിലയിൽ വെച്ച് ഡൊമൈൻ ടെസ്റ്റിങ് വർക്ക് ഷോപ്പ് നടത്തുകയും ചെയ്തിരുന്നു.

2019 ഡിസംബർ 6 മുതൽ 11 വരെ കിലയിൽ വെച്ച് നടത്തിയ ഡൊമൈൻ ടെസ്റ്റിംഗ് വർക്ക് ഷോപ്പിൽ ഇ.ആർ.പി സോഫ്റ്റ്വെയറിലെ അപാകതകൾ ഐ കെ എം ഡൊമൈൻടീമിന് കൈമാറി വരികയാണെന്ന വിവരം പരാമർശം (3) പ്രകാരം ശ്രീ.വിനോദ് കുമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2020 ജനുവരിയിൽ തന്നെ ഇ ആർ പി ( ഐ എൽ ജി എം എസ്) സോഫ്റ്റ്വെയർ ഗ്രാമ പഞ്ചായത്തുകളിൽ വിന്യസിച്ച് പ്രവർത്തനം

ആരംഭിക്കേണ്ടതിനാൽ ഡൊമൈൻ ടെസ്റ്റിങ്ങിൻെറ കൂടി അടിസ്ഥാനത്തിൽ അടിയന്തിരമായി അക്കൗണ്ട് ഹെഡുകൾ കൂടി മാപ്പ് ചെയ്ത് ഗ്ലോബൽ മാസ്റ്റർ അന്തിമമാക്കി നൽകേണ്ടതുണ്ട്. ആയതിനാൽ ഗ്ലോബൽ മാസ്റ്റർ തയ്യാറാക്കൽ ടീമുകൾക്ക് അക്കൗണ്ട് ഹെഡുകൾ മാപ്പ് ചെയ്ത് നൽകുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി **2019 ഡിസംബർ 17 മുതൽ 23 വരെയും, ഡിസംബർ 27 മുതൽ 31 വരെയുമുള്ള തീയതികളിലായി കിലയിൽ** വെച്ച് ശില്പശാലകൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ശില്പശാലകളിൽ പങ്കെടുക്കുന്നതിന് ചുവടെ പറയുന്ന ജീവനക്കാരെ നിയോഗിച്ച് ഉത്തരവാകുന്നു.

1. ഷിനാജ് വി എച്ച് , അക്കൗണ്ടൻറ്, മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ
2. നിതിൻ സി എൻ, ജൂനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ
3. സുമേഷ് പി ആർ, ഹെഡ് ക്ലർക്ക്, വെള്ളൂർക്കര ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ
4. ജയകുമാർ പി കെ, ഹെഡ് ക്ലർക്ക്, കോടിക്കുളം ഗ്രാമ പഞ്ചായത്ത്, ഇടുക്കി
5. സരിത വി എം, ഹെഡ് ക്ലർക്ക്, മമ്പാട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
6. സന്ദീപ്, അക്കൗണ്ടൻറ്, ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്

മേൽപ്പറഞ്ഞ ശില്പശാല പ്രവർത്തനങ്ങൾ വളരെയേറെ പ്രാധാന്യമുള്ളതും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമായതിനാൽ നിയോഗിക്കപ്പെട്ട എല്ലാ ജീവനക്കാരെയും അവരുടെ നിലവിലെ ഡ്യൂട്ടിയിൽ നിന്നും അതതു ഓഫീസ് മേധാവികൾ വിടുതൽ ചെയ്ത് വിടേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ ജീവനക്കാർക്കും ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ നൽകേണ്ടതും ശില്പശാലയിലെ ജീവനക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുമാണ് . വീഴ്ചകൾ ഗൗരവമായി കാണുന്നതാണ്. ഗ്ലോബൽ മാസ്റ്റർ തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട ജീവനക്കാർ ശില്പശാലയിൽ ആദ്യാവസാനം പങ്കെടുത്ത് സമയബന്ധിതമായി പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്. ഗ്ലോബൽ മാസ്റ്റർ അക്കൗണ്ട് ഹെഡുകളുടെ കൃത്യത നിയോഗിക്കപ്പെട്ട ജീവനക്കാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
**ഡോ.ബി.എസ് തിരുമേനി ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ്

1. വ്യക്തികൾക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
2. ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്

3. ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
4. ഡയറക്ടർ, കില (ശില്പശാലക്ക് വേണ്ട ക്രമീകരിണങ്ങൾ വരുത്തുന്നതിലേക്കായി)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. കരുതൽ / അധികം

/ഉത്തരവിൻ പ്രകാരം/

സീനിയർ സൂപ്രണ്ട്